# പഠനയാത്രാ റിപ്പോർട്ട് 2023-24

2023 - 24 അധ്യയനവർഷത്തെ പഠനയാത്ര ഉത്തരകാനറ ലക്ഷ്യമാക്കി ഉള്ളതായിരുന്നു. ജനുവരി 05,06,07,08 തീയതികളിലായാണ് യാത്ര സംഘടിപ്പിച്ചത്. 2019 ലെ സിലബസ് പ്രകാരം ആറാം സെമസ്റ്ററിൽ പഠനയാത്ര നിഷ്കർഷിച്ചിട്ടുണ്ട്. ചരിത്ര-സാംസ്കാരികപ്രാധാന്യമുള്ള ഇടങ്ങളിലേയ്ക്കാണ് പോകേണ്ടത്. ദക്ഷിണേന്ത്യയും കർണാടക മുഴുവനും കേരളചരിത്രപഠന ത്തിന്റെ ഭാഗമായിരുന്നതുകൊണ്ടുതന്നെ ഇത്തവണ കർണാടകയുടെ ഉത്തര ഭാഗങ്ങളായ ഗോകർണവും യാന ഗുഹകളും ഉൾപ്പെടുന്ന ഒരു യാത്രയാണ് പ്ലാൻ ചെയ്തത്.

കേരള ചരിത്രത്തിൽ കേരളത്തിന്റെ ഭൂമിശാസ്ത്രം പഠിക്കുമ്പോൾ ഗോകർണ പരാമർശിക്കാതെ പോകാൻ കഴിയില്ല. ഗോകർണത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ മലയാളഭാഷയുടെ രൂപീകരണത്തിന് വളരെ സ്വാധീനം ചെലുത്തിയ ഒന്നായി നമ്മൾ കാണുന്നുണ്ട്. അതുകൊണ്ടുതന്നെ പഠനയാത്ര ആ പ്രദേശത്തേക്ക് നീട്ടിയത് യാത്ര കൊണ്ട് ചില ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ടെങ്കിലും പഠനപരമായി വളരെ പ്രയോജനം ചെയ്തു. ഗോകർണ്ണയിലാണ് ആദ്യം എത്തിയത്. കടലും കാടും ഇടകലർന്ന ആ പ്രദേശത്തിന്റെ പ്രത്യേകതകൾ, മിർജാൻ ഫോർട്ട് പോലുള്ള തന്ത്രപ്രധാനമായ കോട്ടകൾ, യാനഗുഹകൾ, എന്നിങ്ങനെ സന്ദർശിച്ചു. 1500 വർഷം പഴക്കമുള്ള മഹാബലേശ്വരക്ഷേത്രം കാണാൻ കഴിഞ്ഞു. ദ്രാവിഡീയ ശൈലിയിലാണ് ഇവിടെ ക്ഷേത്രം നിർമ്മിച്ചിരിക്കുന്നത്. വിജയനഗര രാജാവും 1665-ൽ മറാട്ടാ ചക്രവർത്തി ശിവാജിയും ഇവിടെ ക്ഷേത്രദർശനം നടത്തിയിരുന്നതായി മനസിലാക്കി.

കേരള ചരിത്രത്തിന്റെ സുപ്രധാന ഏടുകളിൽ ഒന്നായ വാസ്കോ ഡ ഗാമയുടെ വരവിന്റെ ഗതി നിർണയിച്ച സെൻമേരിസ് ഐലൻഡിലേയ്ക്കുള്ള യാത്ര വ്യത്യസ്തതയാർന്ന അനുഭവങ്ങൾ നൽകി. സെൻമേരിസ് ഐലൻഡിലാണ് വാസ്കോ ഡ ഗാമ കാപ്പാട് എത്തുന്നതിന് മുൻപ് കപ്പലിറങ്ങിയത്. കേരളത്തെ ലക്ഷ്യമാക്കി വന്ന അദ്ദേഹത്തെ കൃത്യമായി ദിശ മനസിലാക്കിക്കൊടുത്ത സ്ഥലം എന്ന് നിലയിൽ ഈ ദ്വീപിന് പ്രാധാന്യമുണ്ട്. ഈ ദ്വീപിന് സെന്റ് മേരീസ് എന്ന പേര് കൊടുത്തത് പോലും അദ്ദേഹമാണെന്ന് ചരിത്രം പറയുന്നു. ഈ ഒരു ചരിത്ര പരാമർശം കുട്ടികൾക്ക് നേരിട്ട് കണ്ട് മനസിലാകാൻ ഇടയായി.